**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 159** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ ആക്രമണങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ട, സ്വർണ്ണക്കടത്ത് സംഘങ്ങൾ നടത്തുന്ന കൊലപാതകങ്ങളും ഗുണ്ടാ പ്രവർത്തനങ്ങളും വർദ്ധിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പകൽ സമയത്തുപോലും വീടിനുള്ളിൽ കയറി കൊല നടത്തുന്നതും നിസ്സാര തർക്കങ്ങൾ കൊലപാതകത്തിലേക്ക് നയിക്കുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കേരള സമൂഹത്തിൽ വന്നിട്ടുള്ള മാറ്റത്തിന്റെ സൂചനയായി കാണാവുന്നതാണോ; | (ബി) | മോഷണശ്രമത്തിന്റെയും മറ്റും ഭാഗമായുണ്ടായ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളിൽ ശാസ്ത്രീയമായും കാര്യക്ഷമമായും കേസന്വേഷണം നടത്തി കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ള അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്രതികളെ അതിവേഗം കണ്ടെത്തി ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഇത്തരം സംഭവങ്ങൾ വളരെ ഗൗരവമായി കണ്ട് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ ഇടയിൽ കുറ്റവാളികളായവർ നുഴഞ്ഞുകയറുന്നുണ്ടോ എന്ന് രഹസ്യ നിരീക്ഷണം നടത്തുന്നതടക്കം ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. അതിഥി തൊഴിലാളികളുടെ വിവര ശേഖരണത്തിനായി ഇ-രേഖ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചു വരുന്നു. |
| (സി) | സമൂഹത്തിൽ കൂടിവരുന്ന ലഹരി ഉപയോഗം ഇത്തരം കൊലപാതകങ്ങളിലേക്ക് നയിക്കുന്നു എന്നത് വസ്തുതയാണോ; വിശദമാക്കാമോ? | (സി) | ലഹരി ഉപയോഗിച്ച് കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന ചില സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലഹരി കടത്തും വ്യാപനവും തടയുന്നതിന് കർശന നിരീക്ഷണം നടത്തുന്നതടക്കമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിന് പോലീസ്, എക്സൈസ് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പോലീസ് DANSAF, സ്പെഷ്യൽ ബ്രാഞ്ച്, എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ |

| | | | |
|---|---|---|---|
| | | | ബ്യൂറോ എന്നിവ മുഖേന രഹസ്യ വിവരങ്ങൾ ശേഖരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ